# KOLLAM CITY POLICE

www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/

Dated : 02/ 03/ 2018


# ചോദ്യം ചെയ്യലിൽ വ്യാജ വാറ്റിന്റെ ചുരുളഴിയിന്നു

## 310 ലിറ്റർ കോടയും വാഷും അനുബന്ധ ഉപകരണങ്ങളും പിടിച്ചെടുത്തു.






കൊല്ലം : കേരളാ പോലീസ് നടത്തി വരുന്ന 'ഓപ്പറേഷൻ ബ്രോക്കൺ വിൻഡോയുടെ' ഭാഗമായി ഇന്നലെ നടത്തിയ മിന്നൽ പരിശോധനയിൽ ശക്തികുളങ്ങര സ്റ്റേഷനിൽ പിടിയിലായ കൊച്ചയ്യത് തറയിൽ രാധാ ഭവനിൽ പുരുഷന്റെ മകൻ അജിയെ കൂടുതൽ വിശദമായി ചോദ്യം ചെയ്തതിനെ തുടർന്ന് ലഭിച്ച വിവരത്തിൻറെ അടിസ്ഥാനത്തിൽ നടത്തിയ റൈഡിനെ തുടർന്ന് ഇയാളുടെ വീട്ടിലും പരിസര പ്രദേശങ്ങളിലും വ്യാജ ചാരായ നിർമ്മാണത്തിനായി സൂക്ഷിച്ചിരുന്ന 310 ലിറ്റർ കോടയും വാഷും അനുബന്ധ ഉപകരണങ്ങളും കൊല്ലം സിറ്റി പോലീസ് കമ്മീഷണർ ഡോ: ശ്രീനിവാസ് IPS ന്റെ നേതൃത്വത്തിലുള്ള പ്രത്യേക സംഘവും ശക്തികുളങ്ങര പോലീസും ചേർന്ന് പിടിച്ചെടുത്തു. രാത്രി വൈകിയും നടന്ന റൈഡില് പിടിച്ചെടുത്ത സാധനങ്ങൾ പോലീസ് നാട്ടുകാരുടെ സഹായത്തോടെ പോലീസ് സ്റ്റേഷനിലേക്ക് മാറ്റിയിട്ടുണ്ട്. കൂട്ടുകാരോ സഹായികളോ ഇല്ലാത്ത ഇയാൾ ഒറ്റക്കാണ് ഇത്തരം പ്രവർത്തികൾ നടത്തിവന്നത്.


KOLLAM CITY POLICE

മദ്യ വിൽപന ശാലകൾക്ക് അവധിയുള്ള ദിവസങ്ങളിൽ വീടുകളും സ്ഥാപനങ്ങളും വാഹനങ്ങളും കേന്ദ്രീകരിച്ച് വിദേശ മദ്യം ശേഖരിച്ച് വിൽപ്പന നടത്തുന്നവരുടെ വിവരം ലഭിച്ചിട്ടുണ്ടെന്നും വരും ദിവസങ്ങളിൽ പരിശോധന കൂടുതല് ശക്തമാക്കുമെന്നും കമ്മീഷണർ അറിയിച്ചു.

കൊല്ലം ACP ജോർജ് കോശി, ശക്തികുളങ്ങര എസ്.ഐ ഫയാസ്, ഷാഡോ എസ്.ഐ വിപിൻ കുമാർ, എസ്.ഐ ഉണ്ണി, എ.എസ്.ഐ റസ്സൽ ജോർജ്, ഷാഡോ പോലീസുകാരായ നന്ദകുമാർ, ഹരിലാല്, സീനു, സജു, മനു ,മണികണ്ഠൻ , രിപു എന്നിവരുടെ നേതൃത്വത്തിലാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.